"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - വെള്ളയമ്പലം - തൈക്കാട് റോഡ് - ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 212/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക - '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.412/2025/LSGD** **തീയതി, തിരുവനന്തപുരം, 10-02-2025**

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 212/2005 നമ്പർ കേസിന്മേലുള്ള 12/02/2014 -ലെ വിധിന്യായം.
2. സ.ഉ.(പി) നം. 32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 30/08/2008-ലെ കെ9-81829/2005 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 09/12/2024-ലെ എ3/2957/2005/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി വെള്ളയമ്പലം - തൈക്കാട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീമതി ഡി. രേഖ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 212/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,91,127/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി ഒരുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി വെള്ളയമ്പലം - തൈക്കാട് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം. 779/3-3ൽപ്പെട്ടതും ശ്രീമതി ഡി. രേഖയുടെ (റ്റി.സി. നം. 15/856 (2), 'ദീപ്തി' തൈക്കാട്, തിരുവനന്തപുരം) ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.43 ആർസ് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 212/2005 നമ്പർ കേസിന്മേലുള്ള ബഹു. തിരുവനന്തപുരം II അഡീഷണൽ സബ്

കോടതിയുടെ പരാമർശം (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിലുള്ള ബാലൻസ് വിധിക്കടത്തുകയായ 1,91,127/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി ഒരുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിയ്ക്ക് അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYAKUMARI P**

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി ഡി. രേഖ, റ്റി.സി. നം. 15/856 (2), 'ദീപ്തി' തൈക്കാട്, തിരുവനന്തപുരം.(ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/255/2024/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 10-02-2025 17:30:32

സെക്ഷൻ ഓഫീസർ